## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2277 09-03-2018-ലെ മറുപടിക്ക്

## അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) കൊച്ചി കേന്ദ്രമായുള്ള കേരള ബാർ കൗൺസിൽ അച്ചടിച്ച് വിതരണം ചെയ്തിരുന്ന അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പനയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ. എത്ര കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്; | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 22-ാം വകുപ്പ് പ്രകാരം കേരള ബാർ കൗൺസിലാണ് അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്. സ്റ്റാമ്പ് വിൽപ്പനയിൽ നിന്നുള്ള വരുമാനം കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനം ഉൾപ്പെടെ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ കണക്കുകളിൽ ഒട്ടേറെ ക്രമക്കേടുകൾ ഉള്ളതായി 02/09/2017-ൽ കൂടിയ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റികമ്മിറ്റിയുടെ യോഗത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണം പൂർത്തിയായാൽ മാത്രമേ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പനയിലെ ക്രമക്കേട് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| (ബി) ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ അഭിഭാഷകക്ഷേമനിധി സ്റ്റാമ്പ് അച്ചടി സർക്കാർ ഏറ്റെടുക്കണമെന്ന് അഭിഭാഷക ക്ഷേമനിധി ട്രസ്റ്റിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ; | അഭിഭാഷകക്ഷേമനിധി സ്റ്റാമ്പ് അച്ചടി സർക്കാർ ഏറ്റെടുക്കണമെന്ന് അഭിഭാഷക ക്ഷേമനിധി ട്രസ്റ്റികമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. എന്നാൽ ക്ഷേമനിധി സ്റ്റാമ്പിന്റെ അച്ചടിയിലും വിൽപ്പനയിലും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാനായി ഭാവിയിൽ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെ അച്ചടി സർക്കാർ ഏറ്റെടുക്കുന്നകാര്യം 20189/KLBF 2/2017/നിയമം നമ്പർ ഫയലിൽ സർക്കാർ ഗൗരവമായി പരിഗണിച്ചു വരികയാണ്. |
| (സി) ഉണ്ടെങ്കിൽ അഭിഭാഷകക്ഷേമനിധി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിയ്ക്കുന്നതിനുള്ള ചുമതല ബാർ കൗൺസിലിൽ നിന്നും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിലേയ്ക്കായി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ